# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

# [Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]

***21.06.2022 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ചേർന്ന***

***ജനറൽ ബോഡി യോഗത്തിന്റെ***

# *മിനിട്ട്സ്*

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033
ഫോൺ നമ്പർ : 04712724696. ഇ-മെയിൽ: keralasocialaudit@gmail.com

**കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 21.06.2022-ൽ ചേർന്ന ജനറൽ ബോഡി യോഗത്തിന്റെ മിനിട്ട്സ്.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ജനറൽ ബോഡി രൂപീകരിച്ചുകൊണ്ട് G.O.(Rt).No.696/2022/LSGD തിരുവനന്തപുരം, തീയതി 21.03.2022 സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി. തുടർന്ന് G.O.(Rt).No.1000/2022/LSGD തിരുവനന്തപുരം തീയതി 21.04.2022 അനുസരിച്ച് ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ് (ജലവിഭവ സെക്രട്ടറി) നെ ചെയർമാനായി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ആദ്യപൊതുയോഗം 21.06.2022-ൽ സോഷ്യൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ കോൺഫറൻസ് ഹാളിൽ വച്ച് 11.00 മണിക്ക് ചേരുകയുണ്ടായി. ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിന്റെ ഹാജർ നടപടി ക്രമങ്ങൾ, തീരുമാനങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1. ശ്രീ. പ്രണബ് ജ്യോതിനാഥ്,ഐ.എ.എസ്., ചെയർമാൻ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള
2. ശ്രീ. എസ്.രാജേന്ദ്രൻ, ഗവേർണിംഗ് ബോഡി മെമ്പർ
3. ശ്രീമതി. ദീപ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി.സി. രാധാമണി., ജനറൽ ബോഡി മെമ്പർ
5. ശ്രീ.കെ. ചന്ദ്രൻ, ജനറൽ ബോഡി മെമ്പർ
6. ശ്രീ.എ.എൻ. പ്രഭാകരൻ, ഗവേർണിംഗ് ബോഡി മെമ്പർ
7. ശ്രീ.ബി.പി. മുരളി, പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
8. ശ്രീ.ജി. കൃഷ്ണകുമാർ, ജോയിന്റ് ഡെവലപ്പമെന്റ് കമ്മീഷണർ, സി.ആർ.ഡി
9. ശ്രീ.കെ. അനിമോൻ, ഗവേർണിംഗ് ബോഡി മെമ്പർ
10. ശ്രീ. അരുൺ പി.രാജൻ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ മിഷൻ
11. ശ്രീമതി. ശാലിനി.കെ.ജെ.,ഡെപ്യൂട്ടി സെക്രട്ടറി, അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ്
12. ശ്രീ. രാഹുൽ. പി., ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ കേരള(പി.എം.ജി.I,കേരള)
13. ശ്രീ. സാങ്കി, ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ്
14. ശ്രീ. എം.എസ്. ബിജുക്കുട്ടൻ, അഡീഷണൽ സെക്രട്ടറി, എൽ.എസ്.ജി.ഡി.,
15. ഡോ. എൻ.രമാകാന്തൻ, ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള

28-06-22

**യോഗ നടപടി ക്രമങ്ങൾ:**

ജനറൽ ബോഡി യോഗത്തിൽ ചെയർമാൻ ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്., അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ. എൻ.രമാകാന്തൻ സ്വാഗതം ആശംസിക്കുകയുണ്ടായി. ചെയർമാന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ചും കാര്യക്ഷമമായ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ പ്രാധാന്യം സംബന്ധിച്ചും സൂചിപ്പിക്കുകയുണ്ടായി. തുടർന്ന് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2017 മുതൽ 2022 വരെ പ്രവർത്തനങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ ഭരണ റിപ്പോർട്ട് ഡയറക്ടർ അവതരിപ്പിച്ചു. 2021-2022 വർഷത്തിൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സംബന്ധിച്ചും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് കേരള ഗവൺമെന്റ് നൽകിയവരുന്ന സഹായങ്ങളും പിൻതുണയും സംബന്ധിച്ച് റിപ്പോർട്ടിന്മേൽ താഴെപ്പറയും പ്രകാരം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുകയുണ്ടായി.

**(1) ശ്രീ.എസ്സ്. രാജേന്ദ്രൻ:** പുതുക്കിയ ബൈലോ പ്രകാരം രൂപീകൃതമായ ജനറൽ ബോഡി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതിന് സഹായകമായി എന്ന് അഭിപ്രായപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് ബഹു: കേരള മുഖ്യമന്ത്രിയുടെ ഇടപെടൽ തേടേണ്ടതിന്റെ ആവശ്യം ചൂണ്ടിക്കാട്ടുകയുണ്ടായി. റിസോഴ്സ് പേഴ്സൺമാരുടെ കുറവിനെക്കുറിച്ചും സോഷ്യൽ ഓഡിറ്റിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ പ്രാധാന്യവും വിശദീകരിക്കുകയുണ്ടായി. റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ നികത്തി സോഷ്യൽ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കണമെന്നും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റ് ഏറ്റെടുക്കുന്നതിന് കഴിയുംവിധം സൊസൈറ്റിയെ ശക്തിപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്, നിയമാനുസൃതമായും നിർബന്ധമായും ചെയ്യേണ്ടതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ളതാണെന്നും തൊഴിലാളികൾക്ക് നിയമപരിരക്ഷയാൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾ ലഭിക്കുന്നുണ്ടോയെന്നും, സർക്കാർ പണം വിനിയോഗിച്ചത് ആസ്തി നിർമ്മാണത്തിന് ഉതകിയോ എന്നും പരിശോധിക്കപ്പെടേണ്ടതാണെന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ കൃത്യമായി ചേരേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

28/6/22

(2) ശ്രീ. എ.എൻ. പ്രഭാകരൻ:

റിസോഴ്സ് പേഴ്സൺമാരുടെ ഇന്റർവ്യൂ പൂർത്തിയാക്കി എത്രയും വേഗം എല്ലാ ബ്ലോക്കുകളിലെയും ഒഴിവുകൾ നികത്തി സമയബന്ധിതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കണമെന്നും മറ്റ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റുകൾ കൂടി കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഏറ്റെടുക്കേണ്ടതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം സോഷ്യൽ ഓഡിറ്റിൽ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ടു.

(3) ശ്രീ. കെ. ചന്ദ്രൻ:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട മഴക്കുഴി നിർമ്മാണത്തിലൂടെ ജലദൗർലഭ്യം പരിഹരിച്ച കാര്യവും തൊഴിലുറപ്പ് പദ്ധതിയുടെ നല്ല വശങ്ങൾ സോഷ്യൽ ഓഡിറ്റിലൂടെ വെളിച്ചത്തു കൊണ്ടുവരേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. മികവുറ്റ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തി റിപ്പോർട്ടുകൾ സമഗ്രമാക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. അതോടൊപ്പം തന്നെ സോഷ്യൽ ഓഡിറ്റിന്റെ അനുകരണീയമായ നേട്ടങ്ങൾ രേഖപ്പെടുത്തി ലഭ്യമാക്കണമെന്നും അഭിപ്രായപ്പെട്ടു.

(4) ശ്രീ. കെ.അനിമോൻ:

സാധാരണ ഓഡിറ്റ് പ്രക്രിയയിൽ നിന്നും വിഭിന്നമായി സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ നിർവ്വഹണ ഏജൻസികൾക്കും ജനപ്രതിനിധികൾക്കും വ്യക്തമാക്കേണ്ടേതിന്റെ ആവശ്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് ടീമിന്റെ മനോഭാവത്തിൽ മാറ്റം വരുത്തി സോഷ്യൽ ഓഡിറ്റിന്റെ സ്വീകാര്യത വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളും പിഴവുകളും നിർവ്വഹണ ഏജൻസികൾക്ക് റിപ്പോർട്ട് ചെയ്യണമെന്നും എല്ലാ തലങ്ങളിലും ഉള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനം/ അവലോകനം കാര്യക്ഷമമാക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. സോഷ്യൽ ഓഡിറ്റ് ടീമിന്റെ പ്രവർത്തനം ജില്ലാ-ബ്ലോക്ക്തലത്തിൽ നിരന്തരമായി അവലോകനം ചെയ്യണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

(5) ശ്രീമതി. സി.രാധാമണി:

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടുന്ന അർഹമായ വിഹിതം എത്രയുംവേഗം വാങ്ങിയെടുക്കുന്നതിനുള്ള ശ്രമം തുടരേണ്ടതാണെന്നും, സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണെന്നും കൂടാതെ റിസോഴ്സ് പേഴ്സൺമാർക്ക് അലവൻസ് കൃത്യമായി കൊടുക്കേണ്ടതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. സോഷ്യൽ ഓഡിറ്റിനെ ഭയപ്പാടോടെ സമീപിക്കുന്നതിനെ മറികടക്കുന്നതിനായി അതിന്റെ ഗുണവശങ്ങൾക്ക് കൂടുതൽ പ്രചരണം നൽകേണ്ടതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി.

28/6/22

**(6) ശ്രീ.എ.എസ്. ദിനകരൻ :**

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി ടീം വർക്കിലൂടെ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് റിസോഴ്സ് പേഴ്സൺമാർ ശ്രമിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് ടീം അംഗങ്ങൾക്ക് നിരന്തരമായി പരിശീലനം നൽകേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.

**(7) ശ്രീ. രാഹുൽ.പി :**

കേരളം നൽകിയ ഫണ്ട് പ്രൊപ്പോസലിന്മേൽ അർഹമായ സോഷ്യൽ ഓഡിറ്റ് ഫണ്ട് മുൻ വർഷങ്ങളിൽ ലഭിക്കാത്തതിന്റെ കാരണങ്ങൾ ആരായുകയുണ്ടായി. ഡയറക്ടർ ഇക്കാര്യത്തിൽ വ്യക്തത വരുത്തുകയുണ്ടായി.

**(8) ശ്രീ. ജി. കൃഷ്ണകുമാർ:**

സോഷ്യൽ ഓഡിറ്റ് പ്രവർത്തകർ അധികാരത്തിന്റെ സമീപനം സ്വീകരിക്കുന്നതിനു പകരം നിർവ്വഹണ ഏജൻസികളെ കൈപിടിച്ച് നയിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കു ന്നതിനാണ് ശ്രദ്ധിക്കേണ്ടതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് നടന്ന ആദ്യഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാതെ പദ്ധതി നിർവ്വ ഹണത്തിലെ പോരായ്മകൾ സംബന്ധിച്ച് മാദ്ധ്യമങ്ങൾക്ക് വാർത്തകൊടുക്കുന്ന രീതി അവലംബിക്കുകയുണ്ടായിയെന്ന് അഭിപ്രായപ്പെട്ടു.

**(9) ശ്രീ. ഡി.സാങ്കി:**

സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്തുന്ന നിർദ്ദേശങ്ങൾ സർക്കാരിലേക്കും നിർവ്വഹണ ഏജൻസികൾക്കും നൽകി പദ്ധതി നിർവ്വഹണത്തിൽ ഗുണപരമായ മാറ്റം വരുത്തേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുകയുണ്ടായി.

**(10) ശ്രീ. ബി.പി.മുരളി:**

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്ത 350-ഓളം ഗ്രാമ പഞ്ചായത്തുകളിൽ ആയത് എത്രയുംവേഗം പൂർത്തീകരിക്കേണ്ടതാണെന്നും, രാഷ്ട്രീയ ഇടപെടലുകൾ പലപ്പോഴും പദ്ധതി നിർവ്വഹണത്തെ ദുർബലപ്പെടുത്തുന്നുവെന്നും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളോട് വിമുഖത കാണിക്കുന്ന പഞ്ചായത്തുകളെ നിയമപരമായി തന്നെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയുണ്ടായി. അതിനായി ആദ്യം ആവശ്യ മായ ബോധവൽക്കരണം ജനപ്രതിനിധികൾക്കും, തൊഴിലാളികൾക്കും നൽകേണ്ടതുണ്ടെന്നും ഒരു കാമ്പയിനായി ഇത് ഏറ്റെടുക്കേണ്ടതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി.

തുടർന്ന്, അംഗങ്ങൾ രേഖപ്പെടുത്തിയ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർമാനും ഡയറക്ടറും ചുവടെ കൊടുക്കും പ്രകാരം സ്പഷ്ടീകരണം നൽകുകയുണ്ടായി :

൨൪|൬|൨൨.

1. സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തുന്ന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ന്യൂനതകൾ പരിഹരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് ഇപ്പോൾ നൽകി വരുന്നത് തുടരുന്നതാണ്.

2. വിവിധ തലങ്ങളിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുന്നതാണ്.

3. റിസോഴ്സ് പേഴ്സൺമാരുടെ സംശയദൂരീകരണത്തിനായി ചോദ്യങ്ങൾ സ്വീകരിച്ച് മറുപടി നൽകി വരുന്നുണ്ട്. ആയത് FAQ എന്ന രീതിയിൽ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

4. മേഖലാടിസ്ഥാനത്തിൽ പരിശീലനം നൽകുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. ഇതിനായി വിശദമായ പ്രൊപ്പോസൽ ഇതിനോടകം തയ്യാറാക്കി കേന്ദ്രസർക്കാരിലേക്ക് നൽകിയിട്ടുള്ള കാര്യവും വ്യക്തമാക്കി.

5. റിസോഴ്സ് പേഴ്സൺമാരുടെ വേതനവിതരണം അവർ ചെയ്യുന്ന പ്രവൃത്തിയുമായി ബന്ധപ്പെടുത്തി മാത്രമാണ് നൽകി വരുന്നത്.

6. മാതൃകാപരമായ കേസ്സ് സ്റ്റഡീസ് തയ്യാറാക്കി ഷോകേസ് ചെയ്യുന്നതാണ്.

7. സോഷ്യൽ ഓഡിറ്റ് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്ന തിനും കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വിഹിതം യഥാസമയം ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വിശദമായ ചർച്ചകൾക്ക് ശേഷം ചുവടെകൊടുത്തിരിക്കുന്ന പ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു;**

I. കഴിഞ്ഞ 4 വർഷങ്ങളിലെ (2017-2022) പ്രവർത്തന റിപ്പോർട്ട് അംഗീകരിച്ചു

II. 2021-2022-ലെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചു.

III. 2022-2023-ലെ വാർഷിക ബഡ്ജറ്റ് അംഗീകരിച്ചു.

IV. നിലവിലെ പുതുക്കിയ ബൈലോ പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനും ജനറൽ ബോഡിയുടെ ചെയർമാനും, ഗവേർണിംഗ് ബോഡിയുടെ ചെയർമാനും ഔദ്യോഗിക അംഗമാണ്. അതിനുപകരം എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമനായി, ഒരു അനൗദ്യോഗിക അംഗത്തെ ഉൾപ്പെടുത്തി ബൈലോ ഭേദഗതി ചെയ്യുന്നതിനുള്ള തീരുമാനം ഗവേർണിംഗ് ബോഡി എടുക്കുകയുണ്ടായി. ഇതുസംബന്ധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

28/6/22

അനന്തരം പ്രഥമ ജനറൽബോഡി യോഗത്തിൽ പങ്കെടുത്ത ചെയർമാനും മറ്റ് ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾക്കും സോഷ്യൽ ഡെവലപ്പ്മെന്റ് സെപ്ഷ്യലിസ്റ്റ് ശ്രീ.ഇ. ശ്രീകുമാർ കൃതജ്ഞത രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് 12.30-ന് അവസാനിച്ചു.

| | |
|---|---|
| **ഡോ .എൻ.രമാകാന്തൻ** | **പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്** |
| ഡയറക്ടർ | ജലവിഭവവകുപ്പ് സെക്രട്ടറി. & ചെയർമാൻ, |
| സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള | കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി |